'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല - നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് നിലവിൽ ഉപയോഗിക്കുന്ന KL/55 B/3013 നമ്പർ വാഹനം പരിരക്ഷ പദ്ധതിയ്ക്കുവേണ്ടി പി.എച്ച്.സി യ്ക്ക് വിട്ടുനൽകുന്നതിനും ഒരു പുതിയ വാഹനം വാങ്ങുന്നതിനും അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2743/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/12/2019

പരാമർശം:- 1 06/09/2012 ലെ സ.ഉ(സാധാ)നം.2528/2012/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2 നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23/07/2018 ലെ എ2/355/18 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 20/11/2018 ലെ PAN/23063/201 8-GI (DP) നമ്പർ കത്ത്

4 നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/02/2019 ലെ എ2/355/18 നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് നിലവിൽ പത്ത് വർഷത്തിലധികമായി ഉപയോഗിക്കുന്ന KL/55 B/3013 നമ്പർ വാഹനം പരിരക്ഷ പദ്ധതിയ്ക്കുവേണ്ടി പി.എച്ച്.സി യ്ക്ക് വിട്ടുനൽകുന്നതിനും പഞ്ചായത്തിന്റെ ആവശ്യത്തിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകണമെന്ന് പരാമർശം പ്രകാരം മലപ്പുറം നന്നംബ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത വാഹനം പരിരക്ഷാ പദ്ധതിയ്ക്ക് മാത്രമായുള്ള ഉപയോഗത്തിന് പര്യാപ്തമാണെന്നും കൂടുതൽ ഉപയോഗത്തിന് പഞ്ചായത്തിന് ഒരു പുതിയ വാഹനം വാങ്ങാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. പരിരക്ഷാ പ്രവർത്തനത്തിന് കൈമാറുമ്പോൾ വാഹനത്തിന്റെ ഡ്രൈവറുടെ ശമ്പളം, ഇന്ധനം, മറ്റു ചെലവുകൾ എന്നിവ പരിരക്ഷ പദ്ധതിയ്ക്ക് വേണ്ടി പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നൽകുന്നതാണെന്ന് നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് നിലവിൽ പത്ത് വർഷത്തിലധികമായി ഉപയോഗിക്കുന്ന KL/55 B/3013

നമ്പർ വാഹനം, തുടർ ചെലവുകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കണമെന്ന നിബന്ധനയോടെ പരിരക്ഷ പദ്ധതിയ്ക്കുവേണ്ടി പി.എച്ച്.സി യ്ക്ക് വിട്ടുനൽകുന്നതിനും 10 (പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് പഞ്ചായത്ത് ആവശ്യത്തിലേയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് , മലപ്പുറം ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ